പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5188 02.07.2013 -ൽ മറുപടിക്ക്

ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

ചോദ്യം

ശ്രീ. കെ. എം. ഷാജി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാള ഭാഷ അറിഞ്ഞിരിക്കണമെന്നില്ല എന്ന ഇളവ് എല്ലാവർക്കും ബാധകമാക്കാൻ സ്പെഷ്യൽ റൂളിലെ വ്യവസ്ഥ മാറ്റാൻ നടപടി സ്വീകരിക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഡിപ്പോ മാനേജർ തസ്തികയ്ക്ക് എം.ടെക്, ബി.ടെക്, ഡിപ്ലോമ അല്ലെങ്കിൽ ഐ.ടി.ഐ അല്ലെങ്കിൽ എക്സ്പീരിയൻസ് എന്നിങ്ങനെ യോഗ്യത നിശ്ചയിച്ചിട്ടുള്ളതിലെ അപാകത തിരുത്തുമോ ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ ഡിപ്പോ മാനേജർ തസ്തിക നിലവിലില്ല. എന്നാൽ യൂണിറ്റ് തലത്തിൽ മെക്കാനിക്കൽ വിഭാഗത്തിന്റെ മേധാവിയായി പ്രവർത്തിക്കുന്നത് ഡിപ്പോ എൻജിനീയറാണ്. ഈ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനങ്ങൾ നടത്താറില്ല. എന്നാൽ തൊട്ടുതാഴെയുള്ള സൂപ്പർ വൈസറി വിഭാഗത്തിൽ പെടുന്ന അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ബി.ടെക് ബിരുദം നിർബന്ധമാക്കിയിട്ടുണ്ട്. ഇതുകൂടാതെ അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ തസ്തികയിലേക്ക് മെക്കാനിക്കൽ വിഭാഗത്തിലെ ചാർജ്ജ്മാൻ തസ്തികയിൽ നിന്നും കോർപ്പറേഷൻ നടത്തുന്ന ട്രേഡ് ടെസ്റ്റ് പാസ്സാകുന്നവരിൽ നിന്നും തിരഞ്ഞെടുപ്പ് നടത്തി ഉദ്യോഗ |

| | | | |
|---|---|---|---|
| | | | കയറ്റം നൽകാറുണ്ട്. അസിസ്റ്റന്റ് ഡിപ്പോ എൻജനീയറുടെ പ്രമോഷൻ തസ്തികയാണ് ഡിപ്പോ എൻജിനീയർ. നിലവിലുള്ള തെരഞ്ഞെടുപ്പ് രീതിയിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല. |
| (ഡി) | സാങ്കേതിക യോഗ്യതയും, അക്കാദമിക് യോഗ്യതയും ആവശ്യമുള്ള സൂപ്പർവൈസറി തസ്തികകളിൽ വെറും പ്രവൃത്തിപരിചയവും സീനിയോറിറ്റിയുമെന്ന മാനദണ്ഡം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്പെഷ്യൽ റൂൾസ് കാലാനുസൃതമായി സമഗ്രമായി പരിഷ്കരിക്കുമോ ? | (ഡി) | സൂപ്പർ വൈസറി തസ്തികയിൽ പെടുന്ന അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ബി.ടെക് ബിരുദം നിർബന്ധമാക്കി സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ